## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2417** **08.12.2015-ൽ മറുപടിയ്ക്ക്**

### വീടില്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾ

**ചോദ്യം**
**ശ്രീ.ജെയിംസ് മാത്യു**

**മറുപടി**
**ശ്രീമതി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഭൂമി ഉണ്ടായിട്ടും വീടില്ലാത്ത എത്ര പട്ടികവർഗ്ഗ കുടുബങ്ങളുണ്ടെന്ന് അറിയിക്കുമോ; | എ) | പട്ടികവർഗ്ഗ വികസന വകുപ്പ് 2014-15 സാമ്പത്തിക വർഷം ശേഖരിച്ച കണക്ക് പ്രകാരം വീട് വയ്ക്കുവാൻ സ്ഥലസൗകര്യമുള്ള 30308 ഭവനരഹിത പട്ടികവർഗ്ഗക്കാരുള്ളതായി കണക്കാക്കിയിരുന്നു.<br>നാളിതുവരെ വീടുകൾ ലഭിക്കാത്തവർക്കായി ഹഡ്കോ വായ്പാ തുക വിനിയോഗിച്ചും ഐ.എ.വൈ പദ്ധതിയിൽപ്പെടുത്തിയും വീടുകൾ നൽകിവരുന്നു.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഭവന രഹിതർക്കായി 30106 വീടുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന് നാലരവർഷക്കാലമായിട്ടും പട്ടിക വർഗ്ഗക്കാരുടെ ഭൂമിയുടെയും വീടിന്റെയും കാര്യത്തിൽ വേണ്ടത്ര പരിഗണന നൽകിയിട്ടില്ലെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ? | ബി) | പട്ടികവർഗ്ഗക്കാർക്ക് ഭൂമിയും വീടും നൽകുന്നതിന്റെ ഭാഗമായി ഈ സർക്കാർ താഴെ പറയും പ്രകാരം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br>ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം പദ്ധതി പ്രകാരം 25 സെന്റ് മുതൽ ഒരേക്കർ വരെ ഭൂമി 10 ലക്ഷം രൂപ നിരക്കിൽ 524 കുടുംബങ്ങൾക്ക് 183.9 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ആദിവാസി പുനരധിവാസ മിഷൻ മുഖേന ഭൂരഹിതരായ 777 പേർക്ക് 730.52 ഏക്കർ ഭൂമി നൽകിയിട്ടുണ്ട്.<br>വനാവകാശ നിയമപ്രകാരം 24898 പേർക്ക് 33073 ഏക്കർ ഭൂമി നൽകിയിട്ടുണ്ട്.<br>റവന്യൂ വകുപ്പിന്റെ ഭൂരഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 450 പേർക്ക് 3 സെന്റ് ഭൂമി വീതവും പാലക്കാട്, മലപ്പുറം ജില്ലകളിൽ കെ.എസ്.റ്റി ആക്ട് പ്രകാരം 785 കുടുംബങ്ങൾക്ക് 611.61 ഏക്കർ ഭൂമിയും അനുവദിച്ച് നൽകിയിട്ടുണ്ട്.<br>കൂടാതെ സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരം ഭവന രഹിതർക്കായി 30106 വീടുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ